ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

# അമീബിക് മസ്തിഷ്കജ്വരം ജാഗ്രത വേണം

നെഗ്ലെറിയ ഫൗലേറി എന്ന അമീബിയയാണ് ഈ രോഗത്തിന് കാരണമായ രോഗാണു. വെള്ളത്തിലുള്ള ബാക്ടീരിയകളെയും മറ്റും ഭക്ഷിച്ച് ജീവിക്കുന്ന ഇവ നമുക്ക് ചുറ്റുമുള്ള ജലാശയങ്ങളിലും വെള്ളക്കെട്ടുകളിലും ധാരാളമായുണ്ട്.



**അമീബ ശരീരത്തിൽ പ്രവേശിച്ച് കഴിഞ്ഞ് 5 മുതൽ 10 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ ഉണ്ടാകുന്നു.** **സാധാരണ മസ്തിഷ്കജ്വരത്തിന്റെ ലക്ഷണങ്ങളാണ് ഉണ്ടാകുന്നതെങ്കിലും രോഗകാരണം അമീബയാണെങ്കിൽ അസുഖം മൂർച്ഛിക്കുകയും ലക്ഷണങ്ങൾ തീവ്രമാകുകയും മരണത്തിന് കാരണമാകുകയും ചെയ്യുന്നു.**

തലച്ചോറിന് ചുറ്റുമുള്ള മെനിഞ്ചസ് എന്ന ആവരണത്തെ അമീബ ആക്രമിക്കുകയും തലച്ചോറിൽ നീർവീക്കമുണ്ടാക്കുകയും ചെയ്യും. മൂക്കിൽ നിന്നും നേരിട്ട് തലച്ചോറിലേക്ക് പോകുന്ന നാഡികൾ വഴിയാണ് അമീബ തലച്ചോറിൽ എത്തുന്നത്. തലച്ചോറിലെ ചില രാസവസ്തുക്കൾ വളരെ വേഗം ഭക്ഷണമാക്കുന്നതിനാൽ തലച്ചോർ തീനി അമീബകൾ എന്നും ഇവ അറിയപ്പെടുന്നു.

**ലക്ഷണങ്ങൾ** പനി, തലവേദന, ഓക്കാനം, ഛർദ്ദി, ബോധം നഷ്ടപ്പെടുക, കഴുത്ത് തിരിക്കാനുള്ള ബുദ്ധിമുട്ട്/വേദന,നടുവേദന എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ. തുടർന്ന് അപസ്മാരം, ബോധക്ഷയം, പരസ്പരബന്ധം ഇല്ലാതെ സംസാരിക്കുക തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകാം. ആരംഭത്തിൽത്തന്നെ ഡോക്ടറെ കണ്ട് ചികിത്സ എടുക്കുകയും മരുന്ന് കഴിച്ചിട്ടും മാറാത്ത പനിയും മറ്റ് ലക്ഷണങ്ങളുമുണ്ടെങ്കിൽ കൂടുതൽ വിദഗ്ധ ചികിത്സ തേടുകയും വേണം. ഈ ലക്ഷണങ്ങളുള്ളവർ കുളത്തിലോ മറ്റ് ജലാശയങ്ങളിലോ അടുത്ത കാലത്ത് കുളിക്കുകയോ വെള്ളം മൂക്കിൽ കയറാൻ ഇടയാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് ഡോക്ടറുടെ ശ്രദ്ധയിൽപ്പെടുത്തണം.

**ചെയ്യരുത്** വൃത്തിയില്ലാത്ത കുളങ്ങൾ/ജലാശയങ്ങൾ,പാറയിടുക്കുകളിൽ കെട്ടിക്കിടക്കുന്ന വെള്ളം,ക്ലോറിനേഷൻ നടത്താത്ത സ്വിമ്മിങ് പൂളുകൾ എന്നിവയിൽ കുളിക്കുകയോ നീന്തുകയോ മുഖം കഴുകുകയോ ചെയ്യരുത്.

നീന്തുമ്പോൾ വെള്ളം മൂക്കിലൂടെ അകത്തേക്ക് കടക്കാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ എടുക്കണം. നോസ് പ്ലഗുകൾ ഉപയോഗിക്കുകയോ മൂക്കിലൂടെ വെള്ളം കടക്കാത്ത രീതിയിൽ തല ഉയർത്തിപ്പിടിക്കുകയോ ചെയ്യുക.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
കേരള സർക്കാർ







# കുടിവെള്ളത്തിന് ഉപയോഗിക്കുന്ന ജലസംഭരണികൾ കൃത്യമായ ഇടവേളകളിൽ ക്ലോറിനേറ്റ് ചെയ്യണം

ക്ലോറിനേഷൻ പൂർത്തീകരിച്ച്
അരമണിക്കൂർ കഴിഞ്ഞ്
ക്ലോറിൻ അളവ് അര മില്ലി ഗ്രാം/ ലിറ്റർ (0. 5 ppm)
എന്ന അളവിൽ ഉണ്ടായിരിക്കണം.

ജലവിതരണ ശൃംഖലകളിൽ എല്ലായിടത്തും
ക്ലോറിൻ ലിറ്ററിന് അര മില്ലി ഗ്രാം (0. 5 ppm)
എന്ന അളവിൽ നിലനിർത്താൻ
ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

## അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ഒരുമിക്കാം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
കേരള സർക്കാർ



# അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ഒരുമിക്കാം

# ജലമാണ് ജീവൻ ക്യാമ്പയിൻ

2025 ആഗസ്റ്റ് 30, 31



## അമീബിക്ക് മസ്തിഷ്ക ജ്വരം

**പ്രാരം ഭലക്ഷണങ്ങൾ**

പനി, തലവേദന, ഓക്കാനം, ഛർദ്ദി, കഴുത്ത് തിരിക്കാനുള്ള ബുദ്ധിമുട്ട്, വേദന, നടുവ് വേദന



**ഗുരുതര ലക്ഷണങ്ങൾ**

അപസ്മാരം, ബോധക്ഷയം, പരസ്പര ബന്ധം ഇല്ലാതെ സംസാരിക്കുക



പ്രാരംഭത്തിൽത്തന്നെ വിദഗ്ധ ചികിത്സ നേടുകയും കുളത്തിലോ മറ്റു ജലാശയങ്ങളിലോ അടുത്തകാലത്ത് കുളിച്ചിട്ടുണ്ടെങ്കിൽ, കാര്യം ഡോക്ടറുടെ ശ്രദ്ധയിൽ പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.



# നീന്തൽക്കുളങ്ങളിൽ പാലിക്കേണ്ട

## ശുചിത്വനിർദ്ദേശങ്ങൾ

2025 ഓഗസ്റ്റ്
30 | 31

- ആഴ്ചയിൽ ഒരിക്കൽ വെള്ളം പൂർണ്ണമായും ഒഴുക്കി കളയുക
- സ്വിമ്മിംഗ് പൂളിന്റെ വശങ്ങളും തറയും ബ്രഷ് ഉപയോഗിച്ച് ഉരച്ച് കഴുകുക. പ്രതലങ്ങൾ നന്നായി ഉണങ്ങാൻ അനുവദിക്കുക
- നീന്തൽ കുളങ്ങളിലെ ഫിൽറ്ററുകൾ വൃത്തിയാക്കി ഉപയോഗിക്കുക
- പുതിയതായി നിറയ്ക്കുന്ന വെള്ളം ക്ലോറിനേറ്റ് ചെയ്തതിന് ശേഷം ഉപയോഗിക്കുക
- വെള്ളത്തിന്റെ അളവിനനുസരിച്ച്, 5 ഗ്രാം ബ്ലീച്ചിംഗ് പൗഡർ 1000 ലിറ്റർ വെള്ളത്തിന്, എന്ന അനുപാതത്തിൽ ക്ലോറിനേറ്റ് ചെയ്യുക
- ക്ലോറിൻ ലെവൽ 0.5 പി.പി.എം മുതൽ 3 പി.പി.എം വരെയായി നിലനിർത്തുക





ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)
ആരോഗ്യകേരളം, പത്തനംതിട്ട

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
കേരള സർക്കാർ








# ജലസ്രോതസ്സുകളിലേക്ക് ഒഴുകിയെത്തുന്ന എല്ലാത്തരം ദ്രവമാലിന്യ കുഴലുകളും ഒഴിവാക്കണം.

## ജലസ്രോതസ്സുകളിൽ ഖരമാലിന്യം നിക്ഷേപിക്കുന്നത് തടയണം.

**അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ഒരുമിക്കാം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
കേരള സർക്കാർ







## നീന്തൽ പരിശീലന കേന്ദ്രങ്ങൾ, വാട്ടർ തീം പാർക്കുകൾ, റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവയിലെ നീന്തൽ കുളങ്ങളിലെ വെള്ളം എല്ലാ ദിവസവും ക്ലോറിനേറ്റ് ചെയ്യുക.

ക്ലോറിനേഷൻ പൂർത്തീകരിച്ച് അരമണിക്കൂർ കഴിഞ്ഞ് ക്ലോറിൻ അളവ് വെള്ളത്തിൽ ലിറ്ററിന് 1-3 മില്ലി ഗ്രാം (1-3 ppm) എന്ന അളവിൽ ഉണ്ടായിരിക്കണം.


ക്ലോറിൻ അളവുകൾ പരിശോധിച്ച് ഉറപ്പുവരുത്തി രജിസ്റ്ററിൽ അപ്പോൾ തന്നെ രേഖപ്പെടുത്തണം.

## അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ഒരുമിക്കാം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
കേരള സർക്കാർ







# നെഗ്ലേറിയ ഫൗളേറി എന്ന അമീബയുടെ സാന്നിധ്യം സ്ഥിരീകരിക്കപ്പെടുന്ന കുടിവെള്ള വിതരണ ശൃംഖലകൾ അമീബയുടെ സാന്നിധ്യം ഇല്ലാതാകുന്നത് വരെ എല്ലാ ദിവസവും ക്ലോറിനേറ്റ് ചെയ്യണം.

ഈ വെള്ളം  ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല.

ക്ലോറിനേഷൻ പൂർത്തീകരിച്ച് അരമണിക്കൂർ കഴിഞ്ഞ് ക്ലോറിൻ അളവ് 1മി.ഗ്രാം /ലിറ്റർ (1 ppm) ഉണ്ടായിരിക്കണം.

## അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ഒരുമിക്കാം



open® Newser
GALVANO TATA STEEL
WINDOWS, DOOR FRAMES, DOORS
9447 439 160, 7907 740 730

# അമീബിക് മസ്തിഷ്ക ജ്വരം; വെള്ളക്കെട്ടുകളിൽ കുളിക്കുകയോ നീന്തുകയോ ചെയ്യരുത്: വയനാട് ജില്ലാ മെഡിക്കൽ ഓഫീസർ

**കൽപ്പറ്റ:** വയനാട് സ്വദേശിക്ക് അമീബിക് മസ്തിഷ്ക ജ്വരം സംശയിക്കുന്ന സാഹചര്യത്തിൽ അതീവ ആരോഗ്യ ജാഗ്രത പുലർത്തണമെന്ന് വയനാട് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ ടി മോഹൻ ദാസ് അറിയിച്ചു. അമീബിക് മസ്തിഷ്ക ജ്വരം മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പകരില്ലെങ്കിലും അണുബാധയേറ്റാൽ മരണസാധ്യത വളരെ കൂടിയ രോഗമായതിനാൽ പനിയടക്കമുള്ള ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ചികിത്സ തേടണമെന്ന് ഡിഎംഒ അറിയിച്ചു. ശക്തമായ തലവേദന, പനി, ഓക്കാനം, ഛർദ്ദി, കഴുത്ത് തിരിക്കാനുള്ള പ്രയാസം, വെളിച്ചത്തിലേക്ക് നോക്കാനുള്ള ബുദ്ധിമുട്ട്. കുഞ്ഞുങ്ങളിൽ ഭക്ഷണം കഴിക്കാനുള്ള വിമുഖത, നിഷ്ക്രിയരായി കാണപ്പെടുക, സാധാരണമല്ലാത്ത പ്രതികരണങ്ങളുണ്ടാകുക തുടങ്ങിയവയാണ് രോഗലക്ഷണങ്ങൾ. അപസ്മാരം, ബോധക്ഷയം, ഓർമ്മക്കുറവ് എന്നിവ രോഗം മൂർച്ഛിക്കുന്നതിന്റെ ലക്ഷണങ്ങളാണ്. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ മുങ്ങിക്കുളിക്കുന്നവരിലും നീന്തുന്നവരിലും ഉണ്ടായേക്കാവുന്ന വളരെ അപൂർവമായ രോഗബാധയാണ് അമീബിക് മസ്തിഷ്ക ജ്വരം. അതുകൊണ്ടുതന്നെ മലിനമായ കുളത്തിലും കെട്ടിക്കിടക്കുന്ന വെള്ളത്തിലും കുളിക്കരുത്. പായൽ പിടിച്ചതോ മൃഗങ്ങളെ കുളിപ്പിക്കുന്നതോ മാലിന്യമുള്ളതോ ആയ കുളത്തിലെയും മറ്റും വെള്ളത്തിൽ കുളിക്കുകയോ മുഖം കഴുകുകയോ ചെയ്യരുത്.



Degree, PG ഇനി Ph.Dയും നീലഗിരിയിൽ തന്നെ...
Youngest Autonomous College in India with NAAC A++
NILGIRI COLLEGE
THALOOR, THE NILGIRIS, NEAR SULTHAN BATHERY 9488 186 999

മനസ്സിൽ കണ്ട വസ്ത്രങ്ങൾ
fashion village
SILKS & SAREES
KANNUR ROAD, MANANTHAVADY
04935 240 277 ,246 677

AdverTise HERE!
ഇവിടെ പരസ്യം നൽകാൻ വിളിക്കൂ:
7561 889 689

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
കേരള സർക്കാർ

## അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ഒരുമിക്കാം

# ജലമാണ് ജീവൻ ക്യാമ്പയിൻ

**2025 ആഗസ്റ്റ് 30, 31**

കിണറുകൾ, ജലസംഭരണ ടാങ്കുകൾ എന്നിവയുടെ ശുചീകരണവും ക്ലോറിനേഷന്നും

- വീടുകൾ
- സ്ഥാപനങ്ങൾ
- ആശുപത്രികൾ
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ
- ഹോസ്റ്റലുകൾ
- ഫ്ളാറ്റുകൾ
- റിസോർട്ടുകൾ

എന്നിവിടങ്ങളിൽ



## അണിചേരാം നമ്മുടെ ആരോഗ്യത്തിനായി



ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
കേരള സർക്കാർ

# അമീബിക്ക് മസ്തിഷ്കജ്വരം

## പ്രതിരോധ മാർഗങ്ങൾ

- നിശ്ചലവും ശുദ്ധീകരിക്കാത്തതുമായ ജലാശയങ്ങളിൽ ചാടുന്നത്/ മുങ്ങുന്നത് ഒഴിവാക്കുക.
- നീന്തുമ്പോൾ അല്ലെങ്കിൽ മുങ്ങേണ്ടി വരുന്ന സാഹചര്യങ്ങളിൽ, നോസ് പ്ലഗ് ഉപയോഗിക്കുക, അല്ലെങ്കിൽ മൂക്ക് വിരലുകളാൽ മൂടുക.
- ശുദ്ധീകരിക്കാത്ത ജലാശയങ്ങളിൽ നീന്തുമ്പോൾ തല വെള്ളത്തിന് മുകളിൽ സൂക്ഷിക്കുക.
- ജലാശയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ, ചെളി/ അടിത്തട്ട് കുഴിക്കുന്നത്/ കലക്കുന്നത് ഒഴിവാക്കുക.
- നീന്തൽക്കുളങ്ങൾ, വാട്ടർ തീം പാർക്കുകൾ, സ്പാകൾ എന്നിവ വൃത്തിയാക്കി ക്ലോറിനേഷൻ ചെയ്ത്, പരിപാലിക്കണം.
- സ്പ്രിങ്കളറുകൾ, ഹോസുകൾ എന്നിവയിൽ നിന്നും വെള്ളം മൂക്കിനുള്ളിൽ പതിക്കുന്ന സാഹചര്യം ഒഴിവാക്കുക.
- തിളപ്പിച്ച് ശുദ്ധി വരുത്താത്ത വെള്ളം ഒരു കാരണവശാലും കുട്ടികളുടേയോ മുതിർന്നവരുടേയോ മൂക്കിൽ ഒഴിക്കരുത്.
- ക്ലോറിനേറ്റ് ചെയ്യാത്ത വെള്ളം ഉപയോഗിച്ച് കുളിക്കുമ്പോൾ/ മുഖം കഴുകുമ്പോൾ വെള്ളം മൂക്കിനുള്ളിലേക്ക് പോകാതെ സൂക്ഷിക്കുക.
- ജലാശയങ്ങൾ മലിനമാകാതെ സൂക്ഷിക്കുക.
- പൊതു ജലാശയങ്ങളിലേക്ക് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ഒഴുക്കരുത്.
- ജലവിതരണത്തിനും സംഭരണത്തിനും ഉപയോഗിക്കുന്ന ജല സംഭരണികളും വലിയ ടാങ്കുകളും മൂന്ന് മാസം കൂടുമ്പോൾ നല്ലത് പോലെ തേച്ച് വൃത്തിയാക്കണം.

**അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ഒരുമിക്കാം**

# ജലമാണ് ജീവൻ ക്യാമ്പയിൻ

**2025 ആഗസ്റ്റ് 30,31**